മാതൃഭൂമി
യഥാർത്ഥ പത്രത്തിന്റെ ശക്തി
Mathrubhumi

# 'പ്രകൃതി' ബോധവത്കരണ പരിപാടി

**കോയമ്പത്തൂർ** ▸ കോയമ്പത്തൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ് പാലക്കാട് ജവഹർ നവോദയ വിദ്യാലയത്തിലെ വിദ്യാർഥികൾക്കായി 'പ്രകൃതി' ഓൺലൈൻ പരിസ്ഥിതിബോധവത്കരണ പരിപാടി സംഘടിപ്പിച്ചു.

ഇന്ത്യയിലെ വിശുദ്ധ വനങ്ങളുടെ പ്രാധാന്യത്തെപ്പറ്റി ശാസ്ത്രജ്ഞനും എൻ.വി.എസ്. കോ-ഓർഡിനേറ്ററുമായ ഡോ. കണ്ണൻ വാര്യർ ക്ലാസെടുത്തു. വിവിധ സംസ്ഥാനങ്ങളിലായി 1,50,000 ത്തോളം പുണ്യവനങ്ങളാണുള്ളത്.

കേരളത്തിൽ കാവുകളെന്ന് അറിയപ്പെടുന്ന ജൈവവൈവിധ്യത്തിന്റെ കലവറകളായ ഇവയെ തമിഴ്നാട്ടിൽ കോവിൽ കാടുകളെന്നും കർണാടകയിൽ ദേവരക്കാടെന്നും രാജസ്ഥാനിൽ ഓറൻസ് എന്നും മധ്യപ്രദേശിൽ സെർന എന്നും വിളിക്കുന്നു. എങ്ങനെയാണോ നാം താജ്മഹൽപോലുള്ള സ്മാരകങ്ങളെയും ദേശീയ മൃഗമായ കടുവ, ആന തുടങ്ങിയ വന്യമൃഗങ്ങളെയും സംരക്ഷിക്കുന്നത് അതുപോലെ തന്നെ വേണം പുരാതനമായ കാവുകളെയും പരിരക്ഷിക്കാനെന്ന് ഇന്ത്യയുടെ ദേശീയ പരിസ്ഥിതിനയം അനുശാസിക്കുന്നുണ്ടെന്ന് ചർച്ചകൾ നയിച്ച ഡോ. കണ്ണൻവാര്യർ പറഞ്ഞു.

ഇൻസ്റ്റിറ്റ്യൂട്ട് മലമ്പുഴ ജവഹർ നവോദയ വിദ്യാലയത്തിൽ വിദ്യാർഥികളെ പങ്കെടുപ്പിച്ച് നടത്തിയ പരിപാടി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രി പ്രകാശ് ജാവദേക്കറുടെ ശ്രദ്ധനേടിയിരുന്നതായി സംഘാടകർ പറഞ്ഞു.

219. News in Mathrubhumi, 12.09.2020, Prakruti Nature Awareness Programme that received the attention of the Honourable Union Minister, MoEFCC.